പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1773</u> <u>18.06.2012 ൽ മറുപടിക്ക്</u>

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) നഗരങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യവും പിടിച്ചുപറിയും കാരണം സ്ത്രീകൾക്ക് തനിച്ച് സഞ്ചരിക്കാൻ സുരക്ഷിതത്വമില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരി ക്കുമോ ; | (ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിട്ടില്ലെങ്കിലും സ്ത്രീകളുടെ സുര ക്ഷയ്ക്ക് പരിഹാരം കാണുന്നതിനും ഇത്തരം ആക്രമണങ്ങളെ പ്രതിരോധി ക്കുന്നതിനുമായി കർശനമായ നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീപീഡനം നിയന്ത്രിക്കുന്നതിനായി ജാഗ്രതാസമിതി കൾ രൂപീകരിച്ചും, സാമൂഹ്യക്ഷേമവകു പ്പിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണ ത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിതാ കോൺസ്റ്റബിൾമാർ ഓരോ ഭവന ങ്ങളും സന്ദർശിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. നിയമസഹാ യത്തിനായി വരുന്ന സ്ത്രീകൾക്ക് |

പോലീസ്സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതിനായി വനിതാ റിസപ്ഷൻ ഡസ്ക്, വനിതാ ഹെൽപ് ലൈൻ, വനിതാ സെൽ എന്നിവയുടെ സേവനങ്ങളും ഉപയോഗപ്പെടുത്തിവരുന്നു. സ്റ്റേഷനിൽ എത്തുന്ന സ്ത്രീകൾക്ക് സൗഹൃദാന്തരീക്ഷം ഒരുക്കുന്നതിനുവേണ്ടി 43 ജനമൈത്രീ പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് പരാതി രഹസ്യമായി നൽകുന്നതിന് പരാതി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ രാത്രികാല ചെക്കിംഗും, ബസ് സ്റ്റാന്റുകൾ, റയിൽവേസ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്ററബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തിവരുന്നു.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ പദ്ധതികളുടെ ഭാഗമായി പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സുരക്ഷ, മൊബൈൽഫോണുകളുടെ ദുരുപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിശദമായ ബോധവൽക്കരണം നടത്തിവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ഇന്ത്യൻശിക്ഷാ നിയമത്തിലെ 376, 304 (ബി), 354, 366, 498 (എ), 509 എന്നീ വകുപ്പുകൾ പ്രകാരവും KP Act 2011 ലെ 119(1) (A), (B) വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സ്ത്രീകൾക്ക് നേരെ നടന്ന വിവിധ കുറ്റങ്ങൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത കേസുകളിൽപ്പെട്ട എത്രപേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്? | (സി) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Crime Head | രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ | അറസ്റ്റ് ചെയ്യുവാനുള്ളവരുടെ എണ്ണം |
|---|---|---|
| Rape | 1121 | 260 |
| Molestation | 3994 | 420 |
| Eve teasing | 487 | 43 |
| 498 (A) IPC | 5666 | 1560 |
| Dowry Death | 32 | 10 |
| Kidnapping | 231 | 42 |
| Total | 11531 | 2335 |

സെക്ഷൻ ഓഫീസർ